"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - അക്കാദമിക് കലണ്ടർ- WP(C)No.21811/2024, WP(C) No.21992/2024, WP(C)No.22452/2024, WP(C)No.22878/2024, WP(C)No.22903/24, WP(C) No.23474/2024, WP(C)No.24566/2024 കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 01/08/2024 ലെ പൊതു വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.100/2025/GEDN തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. അക്കാദമിക് കലണ്ടറുമായി ബന്ധപ്പെട്ട WP(C)No.21811/2024, WP(C)No.21992/2024, WP(C)No.22452/2024, WP(C)No.22878/2024, WP(C)No.22903/2024, WP(C)No.23474/2024, WP(C)No.24566/2024 എന്നീ കേസുകളിലെ 01/08/2024 ലെ പൊതു വിധിന്യായം.
2. 20/01/2025 ലെ സ.ഉ.(സാധാ)നം.565/2025/പൊ.വി.വ നമ്പർ ഉത്തരവ്
3. 30/01/2025 ലെ സ.ഉ.(സാധാ)നം.851/2025/പൊ.വി.വ നമ്പർ ഉത്തരവ്
4. 06.05.2025 ലെ PA/3022/2025/SCERT നമ്പർ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ കത്തിനൊപ്പം ലഭ്യമാക്കിയ വിദഗ്ധസമിതിയുടെ റിപ്പോർട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/5/2025ലെ ഡി.ജി.ഇ/23471/2024-എസ്2(എ) നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/5/2025ലെ ഡി.ജി.ഇ/361/2025-എസ്2(എ) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിദ്യാഭ്യാസ കലണ്ടറുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)No.21811/2024, WP(C)No.21992/2024, WP(C)No.22452/2024, WP(C)No.22878/2024, WP(c)No.22903/24, WP(C)No.23474/2024, WP(C)No.24566/2024 എന്നീ കേസുകളിലെ 01/08/2024 ലെ പരാമർശം (1) പ്രകാരമുള്ള പൊതു വിധിന്യായത്തിൽ ഹർജിക്കാരേയും, ഈ വിഷയത്തിലെ മുൻകേസായ WP(C)No.25120/2023 ലെ ഹർജിക്കാരേയും (മാനേജർ, എബനേസർ എച്ച്.എസ്.എസ്) ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും stake holders നേയും, കുട്ടികളുടെ വിദ്യാഭ്യാസത്തിലും മനഃശാസ്ത്രത്തിലും വിദഗ്ധരായവരേയും നേരിൽ കേട്ട് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം മേൽ കേസുകളിലെ കക്ഷികളേയും വിദ്യാഭ്യാസ വിദഗ്ധർ, ചൈൽഡ് സൈക്കോളജിസ്റ്റുകൾ, അദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, പിടിഎ -എസ് എം സി പ്രതിനിധികൾ എന്നിവരേയും 9/9/2024 തീയതിയിൽ നടന്ന യോഗത്തിൽ വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2. പങ്കെടുത്തവർ അവരുടെ അഭിപ്രായം യോഗത്തെ അറിയിച്ചു. അവയെല്ലാം പരിശോധിച്ച് നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം പഠന-പഠനാനുബന്ധപ്രവർത്തനങ്ങൾക്ക് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ ക്ലാസ്സ് റൂം വിനിമയത്തിന് എത്ര മണിക്കൂറുകൾ/അതനുസരിച്ചുള്ള പഠനദിനങ്ങൾ വേണ്ടിവരുമെന്നും, അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പര്യാപ്തമായ സമയം/ദിനങ്ങൾ ലഭ്യമല്ലെങ്കിൽ കുട്ടിയുടെ ബൗദ്ധിക / ശാരീരിക / വൈകാരിക / മാനസിക വികാസത്തിനു യാതൊരു തടസ്സവുമാകാത്ത രീതിയിൽ എപ്രകാരം ആ കുറവ് നികത്താനാകും എന്നും സമഗ്രമായ പഠനം നടത്തുന്നതിനായി ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട താഴെപറയുന്ന വിദഗ്ധരെ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു.

1) പ്രൊഫ. വി.പി ജോഷിത്ത്

വകുപ്പ് മേധാവി, ഡിപ്പാർട്ട്മെൻറ് ഓഫ് എഡ്യൂക്കേഷൻ,

സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള

2) ഡോ. അമർ എസ് ഫെറ്റിൽ

സ്റ്റേറ്റ് നോഡൽ ഓഫീസർ, അഡോളസെന്റ് ഹെൽത്ത്, എൻ.എച്ച്.എം

3) ഡോ.ദീപ ഭാസ്കരൻ

അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഡെവലപ്മെന്റൽ പീഡിയാട്രിക്സ്,

ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, തിരുവനന്തപുരം

4) ഡോ. പി.കെ.ജയരാജ്, സീനിയർ കൺസൽട്ടന്റ്,കൈറ്റ്,മുൻകൺസൽട്ടന്റ്, എസ്.എസ്.കെ

5) ശ്രീ. എം. പി. നാരായണൻ ഉണ്ണി, മുൻ ഫാക്കൽറ്റി, എസ്.സി.ഇ.ആർ.ടി

3. പരാമർശം (3) പ്രകാരം ലഭ്യമായ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. Lower Primary schools must ensure 200 working days in an academic year, to comply with the RTE Act 2009 mandates. If 200 working days are not available, additional Saturdays must be included as working days while strictly maintaining the five day week schedule. It is recommended that only one Saturday may be used per month in such situations.

2. Upper Primary schools must ensure 200 working days in an academic year to comply with the RTE Act 2009 mandates. If 200 working days are not available, additional Saturdays must be included as working days while strictly maintaining the five-day week schedule. It is

recommended that only one Saturday may be used per month in such situations.

3. High school classes (8 to 10) must ensure 1100 instructional hours to comply with the RTE 2009 and KER mandate within 204 days of 5.5 hours except Friday. If 204 instructional days are not available; additional Saturdays must be included as working days while strictly maintaining the five day week schedule. For example, in the academic year 2025-26, we need, seven additional Saturdays. It is recommended that only one Saturday may be used per month in such situations

4. For high school classes (classes 8 to 10), half an hour of instructional time has to be added to daily instructional hours as described above by following the pattern of 15 minutes in the forenoon, session and 15 minutes in the afternoon session. This further add-on time is extrapolated between the periods so as to maintain the general pattern of 8 periods in a day as per the present timetable. This additional, change is not recommended for Fridays; the existing timetable will continue for Fridays, as the Friday schedule is from 9-30 AM to 4.30 PM

5. The Expert Committee recommends maintaining the existing timetable for classes I to 7, with one modification: extending the afternoon break from 5 minutes to 10 minutes across for all classes and all working days. This extension should be compensated through adjustments to the lunch break duration. For high school classes (8 to 10), the Committee recommends adding 30 minutes of instructional time daily, implemented as 15 minutes in the forenoon session and 15 minutes in the afternoon session. This additional time should be distributed proportionally between periods to preserve the current 8-period daily structure. These changes should not apply to Fridays, when the established schedule (9:30 AM to 4:30 PM) will remain in effect.

4 . വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം-VII ചട്ടം-3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണ ഗതിയിൽ ചുരുങ്ങിയത് പരീക്ഷാദിവസങ്ങൾ കൂടാതെ 220 സാദ്ധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ 20 ദിവസം വരെ എഡ്യുക്കേഷണൽ ഓഫീസർക്കും അതിൽ കൂടുതൽ ഉള്ള കുറവ് ഡയറക്ടർക്കും ഇളവ് ചെയ്യാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം-VII ചട്ടം-5 പ്രകാരം എല്ലാ അധ്യയന വർഷങ്ങളിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ കലണ്ടർ പ്രസിദ്ധീകരിക്കുവാൻ നിഷ്കർഷിക്കുന്നു. പ്രവൃത്തി ദിനങ്ങളെ സംബന്ധിച്ച് രണ്ട് നിയമങ്ങളാണ് ബാധകം. 1 മുതൽ 5 വരെയും 6 മുതൽ 8 വരെയും ക്ലാസ്സുകൾ ക്ക് 2009 ലെ വിദ്യാഭ്യാസ അവകാശ നിയമവും (RTE Act) 9, 10 ക്ലാസ്സുകൾക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം III ഉം ആണ് ബാധകമാകുന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ്‌വരെ ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങളും, 800 ബോധന മണിക്കൂറുകളും (Instructional Hours), ആറാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ ഏറ്റവും കുറഞ്ഞത് 220 പ്രവൃത്തി ദിനങ്ങളും, 1000 ബോധന മണിക്കൂറുകളും (Instructional Hours). കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം III പ്രകാരം പരീക്ഷാ ദിനങ്ങൾ ഒഴികെ 220 പ്രവൃത്തി

ദിനങ്ങൾ. 2011 ലെ RTE ചട്ടങ്ങൾ പ്രകാരം നിശ്ചിത അധ്യയന ദിനങ്ങൾ തികയ്ക്കുന്നതിനായി മധ്യവേനൽ അവധിക്കാലം 1 5 ദിവസം വെട്ടിക്കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് പരാമർശം 5, 6 എന്നിവ പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

5. ആർ.ടി.ഇ ആക്റ്റിന്റെ ഷെഡ്യൂൾ പ്രകാരം ഒന്നു മുതൽ 5 വരെയുള്ള ക്ളാസുകളിൽ 200 പ്രവൃത്തിദിനങ്ങളും 800 ബോധനമണിക്കൂറുകളുമാണ് ആവശ്യമുള്ളത്. പ്രസ്തുത ആക്റ്റ് പ്രകാരം 6 മുതൽ 8 വരെയുള്ള ക്ളാസുകളിൽ 220 പ്രവൃത്തിദിനങ്ങളും 1000 പഠനമണിക്കൂറുകളുമാണ് ആവശ്യമുള്ളത്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരം 9, 10 എന്നീ ക്ളാസ്സുകളിൽ ഓരോ സ്കൂൾ വർഷത്തിലും സാധാരണഗതിയിൽ ചുരുങ്ങിയത് പരീക്ഷാദിവസങ്ങൾ കൂടാതെ 220 സാദ്ധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ എത്ര പഠനമണിക്കൂറുകൾ ആവശ്യമുണ്ടെന്നു നിർദ്ദേശിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ബഹു.ഹൈക്കോടതി വിധി പാലിക്കുന്നതിനായി വിദഗ്ദസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1 .** ആർ.ടി.ഇ ആക്റ്റിന്റെ ഷെഡ്യൂൾ പ്രകാരം ഒന്നു മുതൽ 4 വരെയുള്ള ക്ളാസുകളിൽ 200 പ്രവൃത്തിദിനങ്ങളും 800 ബോധനമണിക്കൂറുകളുമാണ് ആവശ്യമുള്ളത്. പ്രസ്തുത ബോധന മണിക്കൂറുകൾ തികയ്ക്കാൻ 198 പ്രവൃത്തി ദിനങ്ങൾ മതിയാകും. അതിനാൽ 1 മുതൽ 4 വരെ ക്ലാസ്സുകൾക്ക് 198 പ്രവൃത്തി ദിവസം ഉണ്ടാകേണ്ടതാണ്.

**2 .** ആർ.റ്റി.ഇ. ആക്ട് പ്രകാരം 5◌ാ◌ം ക്ളാസ്സിന് 200 പ്രവൃത്തിദിനങ്ങളും 6 മുതൽ 7 വരെയുള്ള ക്ളാസുകളിൽ 220 പ്രവൃത്തിദിനങ്ങളും 1000 പഠനമണിക്കൂറുകളുമാണ് ആവശ്യമുള്ളത്. ആയതിനാൽ 5 മുതൽ 7 വരെ ക്ളാസ്സുകൾക്ക് പ്രസ്തുത ബോധന മണിക്കൂറുകൾ ലഭിക്കുവാൻ ഒരു ദിവസം 5 മണിക്കൂർ എന്ന കണക്കിൽ 200 ദിവസം വേണ്ടിവരുമെന്നതിനാൽ മേൽ പറഞ്ഞ 198 ദിവസം കൂടാതെ ആഴ്ചയിൽ 6 പ്രവൃത്തിദിനം തുടർച്ചയായി വരാത്ത 2 ശനിയാഴ്ചകളും കൂടി പ്രവൃത്തിദിനമാക്കേണ്ടതാണ്

**3 .** ആർ.റ്റി.ഇ. ആക്ട് പ്രകാരം 8◌ാ◌ം ക്ളാസ്സിന് 220 പ്രവൃത്തിദിനങ്ങളും 9, 10 ക്ളാസ്സുകൾക്ക് കെ.ഇ.ആർ. പ്രകാരം 220 പ്രവൃത്തി ദിനങ്ങളുമാണ് വേണ്ടത്. 220 പ്രവൃത്തി ദിവസങ്ങളിൽ 1100 പഠന മണിക്കൂറാണ് ലഭിക്കുന്നത്. ഇത് പ്രാവർത്തികമാക്കുന്നതിനായി 8 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ആഴ്ചയിൽ 6 പ്രവൃത്തിദിനം തുടർച്ചയായി വരാത്ത 6 ശനിയാഴ്ചകൾ പ്രവൃത്തിദിവസമായും വെള്ളിയാഴ്ചകൾ ഒഴിവാക്കിവരുന്ന പ്രവൃത്തി ദിനങ്ങളിൽ എല്ലാ ദിവസവും രാവിലെ 15 മിനിറ്റും ഉച്ചയ്ക്ക് ശേഷം 15 മിനിറ്റും (ആകെ 30 മിനിറ്റ് സമയം) അധിക പ്രവൃത്തി സമയമായും നിശ്ചയിക്കുന്നു.

6.മേൽ പറഞ്ഞ രീതിയിൽ 2025-26 അധ്യയന വർഷത്തെ സ്കൂൾ കലണ്ടർ നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

കുമാരി ശ്രേയ വി.എസ്. [മൈനർ], D/o. ശിവദാസൻ വി.എൻ., വലിയോട്ടിൽ ഹൗസ്, എഴക്കാട് പി.ഒ., പാലക്കാട് -678600 & others

അദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ(പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തരം)

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Harikumar

സെക്ഷൻ ഓഫീസർ

പകർപ്പ്:-

പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്